Deshabimani 13-09-18, P-15

# മിനി പോളി ഹൗസ് – വീട്ടിലേക്കുള്ള പച്ചക്കറി വർഷം മുഴുവൻ



**മഴക്കാലത്ത് പൊതുവേ പച്ചക്കറികൃഷിക്ക് പ്രശ്നം നേരിടുമെങ്കിലും മിനിപോളിഹൗസിൽ മഴ ഒരു പ്രശ്നമേയല്ല.**

ആർ വീണാറാണി

പച്ചക്കറികൃഷി ചെയ്യണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ട് സ്ഥലമില്ലാത്ത പ്രശ്നത്തിൽ തട്ടി ആഗ്രഹം തകിടം മറിക്കേണ്ടതില്ല. ടെറസിലോ മുറ്റത്തോ 20മീറ്റർ സ്ക്വയർ സ്ഥലം അതായത് അര സെന്റ്നീക്കിവെക്കാനുണ്ടെങ്കിൽ വർഷം മുഴുവൻ പച്ചക്കറിക്കുള്ള വകുപ്പായി. പോളിഹൗസിന്റെ ഏറ്റവും മിനിയേച്ചർ രൂപമാണ് പേര് സൂചിപ്പിക്കുന്നതുപോലെ മിനി പോളിഹൗസ്. ചെലവു കുറഞ്ഞ രീതിയിൽ പൂർത്തീകരിക്കാൻ പറ്റുമെന്നതും വർഷം മുഴുവൻ പച്ചക്കറികൃഷി ചെയ്യാമെന്നതും മിനിപോളിഹൗസിന്റെ നേട്ടങ്ങൾ.

250 ചെടികൾവരെ ഒരുസമയം ഈ കുഞ്ഞൻ പോളിഹൗസിൽ വളർത്താം. മഴക്കാലത്ത് പൊതുവേ പച്ചക്കറികൃഷിക്ക് പ്രശ്നം നേരിടുമെങ്കിലും മിനിപോളി ഹൗസിൽ മഴ ഒരു പ്രശ്നമേയല്ല. ഓരോ ചെടിയുടെ ചുവട്ടിലും തുള്ളി തുള്ളിയായി വെള്ളം വരുന്ന രീതിയിൽ മിനിഡ്രിപ്പും ഇതിനകത്ത് സജ്ജീകരിച്ചിട്ടുണ്ട്.

അര സെന്റിനകത്ത് 250 ചെടി എങ്ങനെ വളർത്തുമെന്നല്ലേ ഇപ്പോഴത്തെ ചിന്ത. തറനിരപ്പിൽ ഗ്രോബാഗ് നിരത്തി പച്ചക്കറി നടാൻ മിനി പോളിഹൗസിൽ സാധ്യതയുണ്ട്. മിനിപോളിഹൗസിന്റെ ഒരുഭാഗത്ത് നാല് ഗ്യാലറികൾ ഉറപ്പിച്ചിരിക്കുന്നത് കുത്തനെ പച്ചക്കറി വളർത്താനുള്ള ഉപാധിയാണ്. ബാരലുകളിൽ ജൈവവളവും മണ്ണും നിറച്ച് പച്ചക്കറി നടാമെന്നതും മിനിപോളിഹൗസിലെ മറ്റൊരു പ്രത്യേകത. ബാരലിന്റെ നാലുഭാഗത്തും ചെറിയ കീറലുകൾ ഉണ്ടാക്കിയാണ് പച്ചക്കറി നടുന്നതിന് സൗകര്യം ഒരുക്കുന്നത്. അരസെന്റ് സ്ഥലത്തെ പച്ചക്കറികൃഷിയിലെ ഉൽപ്പാദനത്തിന്റെ അഞ്ചിരട്ടി വിളവ് മിനിപോളിഹൗസിൽ നിന്ന് ഉറപ്പിക്കാം.

കീടരോഗബാധ മിനിപോളിഹൗസിൽ വളരെ കുറവായതുകൊണ്ട് വിഷരഹിത പച്ചക്കറി വിളവെടുക്കാൻ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത മിനിപോളിഹൗസിന് കാർഷികവികസന കർഷകക്ഷേമ വകുപ്പ് പച്ചക്കറി വികസന പദ്ധതി പ്രകാരം 50000/ രൂപ സബ്സിഡി അനുവദിക്കുന്നു.